ESTD:1976
കാരവൽ
1197 വൃശ്ചികം 9, 1443 റബീ ഉൽ ആഖിർ 19, 2021 നവംബർ 24 ബുധൻ

ഖജനാവു വിഴുങ്ങികൾ

സർക്കാർ ജീവനക്കാരിൽ നിന്നു സർക്കാരും നാടും പ്രതീക്ഷിക്കുന്നത് ലഭിക്കുന്നില്ലെന്ന് ഇപ്പോഴെങ്കിലും സർക്കാർ തുറന്നു സമ്മതിച്ചിരിക്കുന്നു.

ജനങ്ങളെയാകെ ഈ തിരിച്ചറിവ് ആശങ്കപ്പെടുത്തുന്നുണ്ട്. സർക്കാരിൽ നിന്നു സഹായമോ, പ്രോത്സാഹനമോ, തക്കസമയത്തെ ഇടപെടലുകളോ ഇല്ലാതെ, ഊണും ഉറക്കവുമില്ലാതെ, രാപകൽ കഠിനാധ്വാനം ചെയ്തുണ്ടാക്കുന്ന പണത്തിന്റെ പകുതിയോളം നികുതികളായി സർക്കാരിനു സംഭാവന ചെയ്യുകയും, അങ്ങനെ സമാഹരിക്കുന്ന മൊത്തം തുകയുടെ പകുതിയോളം ശമ്പളം ബോണസ്, അലവൻസ്, പെൻഷൻ, ഇ എസ് ഐ, പ്രൊവിഡന്റ് ഫണ്ട്, ആശ്രിത പെൻഷൻ, ചികിത്സാ സഹായം തുടങ്ങി എന്തെല്ലാം കാര്യങ്ങൾക്കായി ജീവനക്കാർക്കു ഒരു ലോഭവുമില്ലാതെ കൊടുത്തു കൊണ്ടിരിക്കുകയും ചെയ്തിട്ടും പാവപ്പെട്ട നാട്ടുകാരിൽ നിന്നു കൈക്കൂലി ചോദിച്ചു വാങ്ങുകയും ചെയ്തിട്ടും അവർ ജോലി ചെയ്യുന്നില്ലെന്ന സർക്കാരിന്റെ കണ്ടെത്തൽ ജീവനക്കാർ മാത്രമല്ല, നമ്മുടെ സർക്കാരുകളും പ്രവർത്തിക്കാത്ത സർക്കാരുകൾ ആയിരുന്നു ഇതുവരേയും എന്ന ബോധവും ഉണ്ടാക്കുന്നു.

സർക്കാരുകൾ നാടിനും ജനങ്ങൾക്കും നീതിക്കും സത്യത്തിനും വേണ്ടിയാണെന്ന ധർമ്മം നിറവേറ്റാതിരുന്നതുപോലെ സർക്കാരിന്റെ ജീവനക്കാരും സർക്കാരിനെ പിന്തുടരുന്നു എന്നതാണ് ഈ കണ്ടെത്തലിന്റെ ചുരുക്കം. അതു സർക്കാരും മനസ്സിലാക്കണം. സർക്കാരിനെ ഉണ്ടാക്കിയവരും ചുമന്നു നിൽക്കുന്നവരും തിരിച്ചറിയേണ്ടിയിരിക്കുന്നു.

ലോകം ശാസ്ത്രീയ യുഗത്തിലാണ്. സയൻസിന്റെ കണ്ടു പിടിത്തങ്ങൾ നാടിനെയും മനുഷ്യരെയും മനോഭാവത്തേയും നിരന്തരം തിരുത്തിക്കൊണ്ടിരിക്കുന്നു. അതു ജനങ്ങളെല്ലാം ഒരു വിഭാഗീയതയുമില്ലാതെ അനുഭവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.ഈ പരിഷ്ക്കാരം ഭരണ രംഗത്തും തെളിഞ്ഞു നിൽക്കണമെന്ന് ചിലരെങ്കിലും പരിഹാസ്യനായി ചിത്രീകരിച്ചിട്ടുള്ള വി എസ് അച്യുതാനന്ദൻ ചെയർമാനായിരുന്ന ഭരണ പരിഷ്ക്കാര കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഭരണം നാടിനും ജനങ്ങൾക്കും അവരുടെ നന്മയ്ക്കും വേണ്ടിയാവണം. സർക്കാർ തീരുമാനങ്ങളും നടപടികളും അത്തരത്തിലാവണം. അത് അതേപടി അപ്പപ്പോൾ ജനങ്ങളിലെത്തിക്കാനാണ് സർക്കാർ ജീവനക്കാർക്ക് അനാവശ്യമായ ആനുകൂല്യങ്ങൾ പോലും നൽകി ജോലിക്കിരുത്തിയിട്ടുള്ളത്. അവർക്കു പറഞ്ഞ ജോലി അവർ ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതും ഇല്ലെങ്കിൽ അവരെക്കൊണ്ട് അതു ചെയ്യിക്കേണ്ടതും എന്നിട്ടും കടമ നിർവ്വഹിക്കാത്തവരിൽ നിന്ന് ആ ജോലിക്കിരുന്ന് അതുവരെ ഖജനാവിൽ നിന്നും അല്ലാതെയുമുണ്ടാക്കിയ പണം തിരിച്ചു പിടിച്ചു ശേഷം തലയ്ക്ക് അടിയും കൊടുത്ത് തുപ്പി വിടണം. ജനങ്ങൾ ആവശ്യപ്പെടുന്നത് അതാണ്.

എന്നാൽ ഭരണപരിഷ്ക്കാര കമ്മീഷൻ ശുപാർശ പൊടിതട്ടിയെടുത്തു പരിശോധിക്കുകയും അവ നടപ്പാക്കാൻ തീരുമാനമെടുക്കുകയും ചെയ്ത സർക്കാർ അപ്പോഴും ഖജനാവു വിഴുങ്ങികൾക്കു വെള്ളപൂശാനാണ് ശ്രമിക്കുന്നതെന്ന സംശയം അതു സംബന്ധിച്ചുവന്ന പത്രറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മനോഭാവത്തിനു പക്ഷപാതം ബാധിച്ച ജീവനക്കാരെ കണ്ടെത്തി വീണ്ടും ഖജനാവിലെ പണം ചെലവാക്കി അവർക്ക് ആറു തട്ടായി വീണ്ടും പരിശീലനം നൽകാനാണ് പരിപാടി. ഈ പരിശീലനം കഴിയുമ്പോഴേക്കും പെൻഷൻ പ്രായമാവും. പിന്നെ അതുവരെ കിട്ടിയിരുന്ന ശമ്പളത്തിന്റെ മുക്കാൽ ഭാഗത്തോളം വീട്ടിൽ സ്വസ്ഥമായിരുന്നു വാങ്ങിത്തിന്നാം.

മരണശേഷം അതിൽപ്പകുതി ഭാര്യക്കും കിട്ടിക്കൊണ്ടിരിക്കും. പിന്നെന്തുവേണം? ഇനി നല്ല ജീവനക്കാരാകാനുള്ള പഠനവും പരിശീലനവും എല്ലാ ജീവനക്കാർക്കും വേണോ എന്നു ജീവനക്കാരുടെ യൂണിയൻ ഭാരവാഹികളോടു ചോദിച്ചു തീരുമാനിക്കുകയാണ് സർക്കാർ. എന്തൊരു നല്ല പൊന്നു പോലത്തെ സർക്കാർ! സർക്കാരിനെയും ജീവനക്കാരെയും പറഞ്ഞിട്ടെന്തുകാര്യം. ജനങ്ങൾക്കും നാടിനും നന്മക്കും വേണ്ടി നിൽക്കുന്നെന്നു പറയുകയും പരസ്പരം കടിച്ചുകീറാൻ നിൽക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാർ ഇത്തരം കാര്യങ്ങളിൽ എത്രയോജിപ്പോടെ മൗനം പാലിക്കുന്നു! ഇതൊക്കെയായിരിക്കും ജനാധിപത്യവും സോഷ്യലിസവും കമ്മ്യൂണിസവുമെന്നു നമുക്കു സമ്മതിക്കാം. പിന്നെന്താ ചെയ്യുക?

സ്നേഹഗാഥ ലൈബ്രറി കൗൺസിൽ ജില്ലാ ക്യാമ്പയിൻ

കാഞ്ഞങ്ങാട്: ജില്ലാ ലൈബ്രറി കൗൺസിലിന്റെ സ്നേഹഗാഥ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കമായി. അതിയാമ്പൂർ ബാലബോധിനി വായനശാല ഗ്രന്ഥാലയത്തിൽ നഗരസഭാ ചെയർപേഴ്സൺ കെ വി സുജാത ഉദ്ഘാടനം ചെയ്തു. വായനശാല പ്രസിഡന്റ് വി കരുണാകരൻ അധ്യക്ഷനായി. കോഴിക്കോട് അഡീഷണൽ ഗവ: പ്ലീഡർ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ: പി എം ആതിര വിഷയാവതരണം നടത്തി. പി അപ്പുക്കുട്ടൻ, പപ്പൻ കുട്ടമത്ത്, എം രാഘവൻ, എ കെ ആൽബർട്ട് എന്നിവർ സംസാരിച്ചു. വായനശാല സെക്രട്ടറി കെ വി സജിത്ത് സ്വാഗതവും എൻ ഗീത നന്ദിയും പറഞ്ഞു.

അതിയാമ്പൂരിൽ നടന്ന സ്നേഹഗാഥ ക്യാമ്പയിൻ നഗരസഭാ ചെയർപേഴ്സൺ കെ വി സുജാത ഉദ്ഘാടനം ചെയ്യുന്നു

ശിൽപശാല സംഘടിപ്പിച്ചു

കോടോംബേളൂർ: ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് നിർവ്വഹണ സഹായ ഏജൻസിയായി പ്രവർത്തിക്കുന്ന കോടോംബേളൂർ ഗ്രാമ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പഞ്ചായത്ത് തല ശില്പശാല സംഘടിപ്പിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി ദാമോദരൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപഴ്സൺ ജയശ്രീ ആധ്യക്ഷം വഹിച്ചു. ജൽ ജീവൻ മിഷൻ ടീം ലീഡർ നിതിൻ. കെ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. വിഷ്ണു പേരിയ, ജയേഷ് സംബന്ധിച്ചു.

ഭാരതീയം

മംഗൽപാണ്ഡേ
സ്വാതന്ത്ര്യപോരാട്ടത്തിലെ ഒന്നാം ചുവട്

ഇന്ത്യയുടെ ആദ്യത്തെ സ്വാതന്ത്ര്യസമരസേനാനിയായാണ് ചില ചരിത്രകാരൻമാർ ധീരനായ മംഗൽ പാണ്ഡേയെ രേഖപ്പെടുത്തിയിരിക്കുന്നത്. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ഭരണത്തിനെതിരെ കമ്പനിയുടെ സൈന്യത്തിലെ തന്നെ ഒരു വിഭാഗം ഭടന്മാർ കലാപത്തിന് ഒരുങ്ങിയപ്പോൾ അതിന് നേതൃത്വം കൊടുത്തവരിൽ പ്രധാനിയായിരുന്നു മംഗൽ പാണ്ഡേ. ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം എന്ന പേരിലാണ് ഈ കലാപം അറിയപ്പെടുന്നത്. ബംഗാൾ കേന്ദ്രീകരിച്ചുള്ള ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ സൈന്യത്തിലെ ഒരു ശിപായിയായിരുന്നു മംഗൽ പാണ്ഡേ. ഉത്തർപ്രദേശിലെ ബല്ലിയ ജില്ലയിലെ നഗ്വ എന്ന ഗ്രാമത്തിൽ 1827 ജൂലൈ 19നാണ് പാണ്ഡേയുടെ ജനനം. ബ്രാഹ്മണ കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. 22 ാം വയസ്സിൽ (1849) പാണ്ഡേ ഈസ്റ്റ് ഇന്ത്യ കമ്പനിയിൽ ഒരു സാധാരണ ശിപായിയായി ജോലിയിൽ പ്രവേശിച്ചു. എന്നാൽ കമ്പനിയുടെ ചില തീരുമാനങ്ങളോട് ആദ്യകാലം മുതലേ പാണ്ഡേ എതിർപ്പു പ്രകടിപ്പിച്ചിരുന്നു. ഈസ്റ്റ് ഇന്ത്യ കമ്പനിക്കെതിരെ കമ്പനിയിലെ ശിപായിമാർ സമരം തുടങ്ങുകയും മുഗൾ രാജാവായ ബഹദൂർഷാ അതിന് നേതൃത്വം നൽകുകയുമായിരുന്നു. തുടർന്ന് പാണ്ഡേ തന്റെ കമ്പനി മേധാവിക്കെതിരെ വെടിയുതിർക്കാൻ ഒരു ശ്രമം നടത്തി. പക്ഷെ ലക്ഷ്യം കണ്ടില്ല. കമ്പനി പാണ്ഡേയെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. 1857 ഏപ്രിൽ 6ന് കോടതി പാണ്ഡേയ്ക്ക് വധശിക്ഷ വിധിക്കുകയും ഏപ്രിൽ 8ന് ബാരക്പൂരിൽ തൂക്കിലേറ്റുകയും ചെയ്തു. തോക്കുകളിൽ വെടിയുണ്ട നിറയ്ക്കുന്ന ഭാഗം മയപ്പെടുത്തുന്നതിനായി മൃഗങ്ങളുടെ കൊഴുപ്പ് ഉപയോഗിക്കണമെന്ന തീരുമാനത്തെയാണ് മംഗൽ പാണ്ഡേ എതിർത്തത്. അതോടെ അദ്ദേഹം കമ്പനിയുടെ നോട്ടപ്പുള്ളിയായി മാറി. തുടർന്ന് ശിപായിമാർക്കൊപ്പം ചേർന്ന് കമ്പനിക്കെതിരെയുള്ള കലാപത്തിലും അദ്ദേഹം പങ്കുചേർന്നതോടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ വിത്ത് പാകലായി തിരിച്ചറിഞ്ഞ കമ്പനി മംഗൽ പാണ്ഡേയെ ഇല്ലാതാക്കാൻ തീരുമാനിക്കുകയായിരുന്നു. തോക്കുകളിൽ വെടിയുണ്ട നിറയ്ക്കുന്ന ഭാഗം മയപ്പെടുത്തുന്നതിനായി മൃഗങ്ങളുടെ കൊഴുപ്പ് ഉപയോഗിക്കണമെന്ന തീരുമാനത്തെയാണ് മംഗൽ പാണ്ഡേ എതിർത്തത്. ശിപായിമാർക്കൊപ്പം ചേർന്ന് കമ്പനിക്കെതിരെയുള്ള കലാപത്തിലും അദ്ദേഹം പങ്കുചേർന്നതോടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ വിത്ത് പാകലായി തിരിച്ചറിഞ്ഞ കമ്പനി മംഗൽ പാണ്ഡേയെ ഇല്ലാതാക്കാൻ തീരുമാനിക്കുകയായിരുന്നു.



മംഗൽപാണ്ഡേ

അദ്ദേഹത്തോടുള്ള ആദരസൂചകമായി രാജ്യം 1984ൽ തപാൽ സ്റ്റാമ്പ് പുറത്തിറക്കുകയുണ്ടായി. 2005ൽ കേതൻ മേത്ത മംഗൽ പാണ്ഡേ : ദി റൈസിങ്എന്ന പേരിൽ ഒരു സിനിമ സംവിധാനം ചെയ്യുകയുമുണ്ടായി. ബ്രിട്ടീഷ് നയങ്ങൾക്കെതിരെ ശബ്ദമുയർത്തിയ വ്യക്തി എന്ന നിലയിൽ ഭാരതം എന്നും മംഗൽ പാണ്ഡേയെ ഓർക്കും. ഈ സംഭവത്തോടെ 34 ആം ബംഗാൾ നേറ്റീവ് ഇൻഫെൻട്രി പിരിച്ചു വിട്ടു. തങ്ങളുടെ മേലധികാരിക്കെതിരായി ഉണ്ടായ ഒരു ആക്രമണത്തെ ചെറുക്കുന്നതിൽ ശിപായിമാർ പരാജയപ്പെട്ടു എന്നതായിരുന്നു കാരണം. ബ്രിട്ടീഷ് സർക്കാർ ഉപയോഗിച്ച ഒരു അന്വേഷണകമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ നടപടി. മംഗൾ പാണ്ഡേയെ പിടികൂടിയ ഷെയ്ക്ക് പാൾത്തുവിന് ഉടനടി തന്നെ ഹവിൽദാർ എന്ന തസ്തികയിലേക്ക് ഉദ്യോഗകകയറ്റം നൽകി. 34 ആം ബംഗാൾ നേറ്റീബ് ഇൻഫെൻട്രിയെക്കുറിച്ച് വളരെ നല്ല അഭിപ്രായം തന്നെയാണ് സർക്കാരിനുണ്ടായിരുന്നതെങ്കിലും, മംഗൾ പാണ്ഡേ സംഭവം ആ റെജിമെന്റിൽ ബ്രിട്ടീഷുകാർക്കുണ്ടായ വിശ്വാസത്തെ തല്ലിക്കെടുത്തി.

മംഗൽ പാണ്ഡേയുടെ പ്രവൃത്തി അപ്രതീക്ഷിമായിരുന്നു. അത്തരമൊരു നടപടിക്കു തുനിയുന്നതിനു മുമ്പ് പാണ്ഡേ, തന്റെ സഹപ്രവർത്തകരുമായി ഒരു വട്ടം പോലും ആലോചിച്ചിരുന്നില്ല. പക്ഷേ, ബ്രിട്ടീഷ് മേധാവികളോടുള്ള ദേഷ്യം മറ്റു ശിപായിമാരെ വെറും കാഴ്ചക്കാരായി മാറ്റാനുള്ള കാരണമായി.

സൈനികം

ശത്രുക്കളേയും പ്രകൃതിക്ഷോഭത്തേയും പ്രതിരോധിക്കാൻ നാവിക സേന

ഇന്ത്യൻ സമുദ്രതീരങ്ങളുടെയും അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും അങ്ങിങ്ങായി ചിതറികിടക്കുന്ന നിരവധി ഇന്ത്യൻ ദ്വീപുകളുടെയും പ്രതിരോധം, സമുദ്രാതിർത്തിയിൽക്കൂടി സഞ്ചരിക്കുന്ന ചരക്കുകപ്പലുകൾക്കു വേണ്ട സഹായമെത്തിക്കൽ, സുരക്ഷിതമായി കപ്പൽഗതാഗതത്തിനു വേണ്ടിയുള്ള കപ്പൽചാലുകളുടെ ചാർട്ടുണ്ടാക്കൽ, ചാലുകൾ തെറ്റിയാത്രയിൽ മണൽത്തിട്ടയിൽ ഉറയ്ക്കുന്ന കപ്പലുകളുടെ രക്ഷയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, മത്സ്യബന്ധനബോട്ടുകളുടെയും കപ്പലുകളുടെയും സുരക്ഷിതത്വം തുടങ്ങിയ ചുമതലകളാണ് ഇന്ത്യൻ നേവിക്ക്. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ സുരക്ഷാ ചുമതലയും ഇന്ത്യൻ നേവിയുടെ കർത്തവ്യങ്ങളിൽപ്പെടുന്നു. നേവിയിലെ മുങ്ങൽവിദഗ്ധർ വിലയേറിയ സേവനങ്ങളിലൂടെ നിരവധി ജീവനുകളെ രക്ഷപ്പെടുത്തിയിട്ടുണ്ട്. യുദ്ധസമയത്ത് ഇന്ത്യയുടെയും സുഹൃദ് രാജ്യങ്ങളുടെയും കപ്പലുകളുടെ സുരക്ഷിതമായ ഗതാഗത മുറപ്പുവരുത്തുകയും തദ്വാര അവശ്യവസ്തുക്കളുടെ സംഭരണവും വിതരണവും സുഗമമാക്കുകയും ഇന്ത്യൻ നാവികസേനയുടെ കർത്തവ്യങ്ങളാണ്. സമാധാനകാലങ്ങളിൽ ഇന്ത്യൻ നാവികസേനാകപ്പലുകൾ സൗഹൃദസന്ദർശനങ്ങൾക്കായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള തുറമുഖങ്ങളിലേക്കു പോകാറുണ്ട്. ഈവിധ സന്ദർശനങ്ങൾ നാവികസേനയുടെ അനുഭവപരിജ്ഞാനത്തിനൊപ്പം സുഹൃദ്രാജ്യങ്ങളുമായുള്ള മൈത്രീബന്ധവും അന്താരാഷ്ട്ര സന്മനോഭാവവും ദൃഢമാക്കുന്നു.

അതിപുരാതനകാലത്ത്തന്നെ ഇന്ത്യൻ പ്രദേശങ്ങളിൽ നാവികസേനകൾ നിലവിലുണ്ടായിരുന്നു.

ഋഗ്വേദം, മഹാഭാരതം, രാമായണം തുടങ്ങിയ കൃതികളിൽ നാവികസൈന്യങ്ങളെക്കുറിച്ചുള്ള നിരവധി വിവരണങ്ങൾ കാണാം. ബി.സി. നാലാം നൂറ്റാണ്ടിൽ ചന്ദ്രഗുപ്തമൗര്യനാണ് മികച്ച ഒരു നാവികസൈന്യത്തെ ഇന്ത്യൻ തീരങ്ങളിൽ ആദ്യമായി സംഘടിപ്പിച്ചത്. ചന്ദ്രഗുപ്തമൗര്യന്റെ സൈന്യത്തെ ആറായി വിഭജിച്ചിരുന്നുവെന്നും ആദ്യത്തേത് ഒരു നാവികത്തലവന്റെ കീഴിലായിരുന്നുവെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. മൗര്യചക്രവർത്തിയായ അശോകനും മികച്ച രീതിയിൽ നാവിക സൈന്യത്തെ സജ്ജീകരിച്ചിരുന്നതായി കാണാം.

കേരള ഹജ്ജ് കമ്മിറ്റി ചെയർമാൻ സി.മുഹമ്മദ് ഫൈസിക്ക് മുഹിമ്മാത്തിൽ നൽകിയ സ്വീകരണം

ഹജ്ജ് കമ്മിറ്റി ചെയർമാന് മുഹിമ്മാത്തിൽ സ്വീകരണം

പുത്തിഗെ: ഹജ്ജ് കമ്മിറ്റി ചെയർമാനായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട സി. മുഹമ്മദ് ഫൈസിക്ക് പുത്തിഗെ മുഹിമ്മാത്ത് സ്വീകരണം നൽകി. ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി ആധ്യക്ഷം വഹിച്ചു. ഉമർ സഖാഫി, അബ്ദുൽ കാദിർ സഖാഫി, വൈ. എം അബ്ദുൽ റഹ്മാൻ അഹ്സനി, അബ്ദുൽ റഊഫ് സഖാഫി, അബ്ദുല്ല കുഞ്ഞി ഹാജി, ഹനീഫ്, അബ്ദുൽ ഫതാഹ് സഅദി, ഷരീഫ് സഖാഫി, ഹസ്സൻ ഹിമമി, സയ്യിദ് ഹാമിദ് അൻവർ അഹ്ദൽ തങ്ങൾ, മൂസ സഖാഫി പ്രസംഗിച്ചു.

രാജൻ മുനിയൂരിന് എം.വി.എൽ.എ ട്രസ്റ്റിന്റെ പുരസ്ക്കാരം

ബദിയഡുക്ക : മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന എം. വി.എൽ.എ ട്രസ്റ്റിന്റെ എഴുത്തുകാർക്കുള്ള 'പ്രതിഭാ സമ്മാൻ ഗോൾഡൻ പീകോക്ക് അവാർഡ് രാജൻ മുനിയൂരിന് ലഭിച്ചു. പ്രശസ്തിപത്രവും മെമോന്റോയും ബാഡ്ജും അംഗവസ്ത്രവുമടങ്ങുന്നതാണ് പുരസ്ക്കാരം. ആറ് ചെറുകഥാ സമാഹാരങ്ങളും രണ്ട് വിവർത്തന പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലേഖനങ്ങൾക്കും കഥകൾക്കും നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ച രാജൻ മുനിയൂർ, കുംബഡാജെ മുനിയൂർ സ്വദേശിയാണ്.

സേട്ട് സാഹിബിന്റെ ദീർഘവീക്ഷണം: ലീഗിനു വെളിവ് വൈകിയെത്തുന്നു: അസീസ്

ഉദുമ: ഇബ്രാഹിം സുലൈമാൻ സേട്ടിനെ പേട്ട് തേങ്ങ എന്ന് വിശേഷിപ്പിച്ച മുസ്ലിം ലീഗ് ഇന്ന് സേട്ടിന്റെ ജന്മശതാബ്ദി പരിപാടിയുമായി മുന്നോട്ട് വന്നതു അവർക്ക് വൈകിയുണ്ടായ വെളിവാണെന്നു ഐ എൻ എൽ ജില്ലാ സെക്രട്ടറി അസീസ് കടപ്പുറം പറഞ്ഞു. സേട്ട് സാഹിബിന്റെ ദീർഘവീക്ഷണമുള്ള ആദർശ രാഷ്ട്രീയത്തിനുള്ള അംഗീകാരമാണതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സേട്ടിന്റെ ജന്മശതാബ്ദിയുടെ ഭാഗമായി എൻഎൽ. യു ജില്ലാ കമ്മിറ്റി പാലക്കുന്നിൽ നടത്തിയ അനുസ്മരണത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പി.കെ.അബ്ദുൽ റഹിമാൻ ആധ്യക്ഷം വഹിച്ചു. സംസ്ഥാന സെക്രട്ടറി സി.എം.എ ജലീൽ ഉൽഘാടനം ചെയ്തു. ഐ.എൻ.എൽ ജില്ലാ പ്രസിഡന്റ് മൊയ്തീൻ കുഞ്ഞി, ഹാരിസ് ബെഡി, ഹനീഫ്, ഹമീദ്, ഹനീഫ ഹാജി, മുനീർ, മുത്തലിബ്, ഹുമൈർ, മുഹമ്മദ്, താജുദ്ധീൻ, കെ.സി.മുഹമ്മദ് കുഞ്ഞി, എം. കെ.സി.അബ്ദുൽ റഹിമാൻ, എ.സി.ഷാഹുൽ ഹമീദ്, ഫിറോസ്, സലീം, കരീം, സമീർ, സോൽക്കർ, ഹാഷിം, എ.സി. മഹമൂദ് ഹാജി, ഫൈസൽ, സി.പി.ഇബ്രാഹിം, ഖാലിദ്, നജീബ്, ഹനീഫ് പ്രസംഗിച്ചു.



എൻ എൽ യു ജില്ലാ കമ്മിറ്റി നടത്തിയ സേട്ട് അനുസ്മരണത്തിൽ അസീസ് കടപ്പുറം പ്രസംഗിക്കുന്നു

കെ.ടി.ജയകൃഷ്ണൻ ബലിദാന ദിനം; കാഞ്ഞങ്ങാട്ട് റാലിയും പൊതുയോഗവും

കാഞ്ഞങ്ങാട്: യുവമോർച്ച സംസ്ഥാന വൈസ് പ്രസിഡന്റായിരുന്ന കെ.ടി.ജയകൃഷ്ണൻ മാസ്റ്ററുടെ ബലിദാന ദിനമായ ഡിസംബർ ഒന്നിന് യുവമോർച്ച ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട്ട് മഹാറാലിയും പൊതുസമ്മേളനവും സംഘടിപ്പിക്കും. ഒന്നിന് വൈകിട്ട് 3ന് ആലാമിപ്പള്ളിയിൽ നിന്ന് നോർത്ത് കോട്ടച്ചേരിയിലേക്ക് മഹാറാലി നടക്കും. പൊതുസമ്മേളനത്തിൽ ദേശീയ - സംസ്ഥാന നേതാക്കൾ സംബന്ധിക്കും. സംഘാടക സമിതി രൂപീകരണ യോഗം ബിജെ പി സംസ്ഥാന സെക്രട്ടറി കെ. ശ്രീകാന്ത് ഉദ്ഘാടനം ചെയ്തു. യുവമോർച്ച ജില്ലാ പ്രസിഡന്റ് ധനഞ്ജയൻ മധൂർ ആധ്യക്ഷം വഹിച്ചു.

കെ ടി ജയകൃഷ്ണൻ ബലിദിനം സ്വാഗത സംഘം രൂപീകരണം കെ ശ്രീകാന്ത് ഉദ്ഘാടനം ചെയ്യുന്നു

ബി ജെ പി ജില്ലാ പ്രസിഡന്റ് രവീശ തന്ത്രി കുണ്ടാർ, ജനറൽ സെക്രട്ടറി എ .വേലായുധൻ, സാഗർ ചാത്തമത്ത്, എൻ ജിതേഷ് സംസാരിച്ചു. സംഘാടക സമിതി ഭാരവാഹികളായി എ .വേലായുധൻ (ചെയ.) ,ധനഞ്ജയൻ മധൂർ (ജന. കൺ.).പി. രമേശ്, എം. ബൽരാജ്, വിജയ കുമാർ റൈ, എൻ. മധു, പി. മണികണ്ഠറൈ, സി.വി സുരേഷ്, കെ.ടി. പുരുഷോത്തമൻ, ഹരീഷ് നാരമ്പാടി, കെ. പ്രേമരാജ് (വൈ.ചെയ.) മനുലാൽമേലത്ത്, പ്രശാന്ത് കാഞ്ഞങ്ങാട് സൗത്ത്, കുഞ്ഞിക്കണ്ണൻ ബളാൽ, സാഗർ, ജിതേഷ്(കൺ)എന്നിവരെ തെരഞ്ഞെടുത്തു.

ജയൻ അനുസ്മരണവും കവിതാ സമാഹാര ചർച്ചയും

കാസർകോട്: നടൻ ജയന്റെ 41-ാം ചരമവാർഷിക ദിനത്തിൽ അനുസ്മരണ ചടങ്ങും മാധ്യമ പ്രവർത്തകൻ ടി.കെ. പ്രഭാകര കുമാർ എഴുതിയ 'പരാജിതന്റെ പൂന്തോട്ടം' കവിതാ സമാഹാര ചർച്ചയും നടത്തി. കാഴ്ച്ച സാംസ്കാരിക വേദി കാസർകോടിന്റെ നേതൃത്വത്തിൽ ആലിയ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് അഷ്റഫ് കൈന്താർ ആധ്യക്ഷം വഹിച്ചു.അബ്ദുൽ റഹ്മാൻ ആലൂർ, ഖാലിദ് പൊവ്വൽ, കെ.പി.സലീം, അശോകൻ നീർച്ചാൽ, കുമാർ കാസർകോട്, കെ.അശോക്, എ. പി.വിനോദ്, ടി.കെ.പ്രഭാകര കുമാർ, ഷാഫി ,കെ.വി.പത്മേശ് സംസാരിച്ചു. തുടർന്ന് ജയൻ അവസാനമായി അഭിനയിച്ച 'കോളിളക്കം ' സിനിമയുടെ പ്രദർശനവും നടന്നു.

കാഴ്ച്ച സാംസ്കാരിക വേദി സംഘടിപ്പിച്ച നടൻ ജയന്റെ 41-ാം വർഷ അനുസ്മരണ പരിപാടിയും ടി.കെ. പ്രഭാകര കുമാർ എഴുതിയ 'പരാജിതന്റെ പൂന്തോട്ടം' കവിതാ സമാഹാര ചർച്ചയും

കൊടിമരങ്ങൾ നീക്കം ചെയ്യണം

കാസർകോട്: കാസർകോട് നഗരപരിധിയിലെ പൊതു സ്ഥലങ്ങളിലും പാതയോരങ്ങളിലും നടപ്പാതകളിലും അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന കൊടിമരങ്ങൾ സ്ഥാപിച്ചവർ തന്നെ നീക്കം ചെയ്യണമെന്ന് സെക്രട്ടറി അറിയിച്ചു.

ഉദുമ കോളേജിൽ സീറ്റൊഴിവ്

ഉദുമ: ഉദുമ ഗവആർട്സ് ആന്റ് സയൻസ് കോളേജിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ വിവിധ വിഭാഗങ്ങൾക്ക് നീക്കിവെച്ച സീറ്റുകളിൽ ഒഴിവുണ്ട്. എഎ സോഷ്യൽ സയൻസിൽ ഇഡബ്ല്യുഎസ് വിഭാഗം, മുസ്ലീം, അംഗപരിമിതർ വിഭാഗങ്ങളിൽ ഓരോ സീറ്റും ബിഎ ഇംഗ്ലീഷിൽ ഇഡബ്ല്യു എസ് വിഭാഗത്തിൽ രണ്ട് സീറ്റുമാണ് ഒഴിവുള്ളത്. പ്രവേശനം ആഗ്രഹിക്കുന്നവർ 25 ന് അസ്സൽ രേഖകൾ സഹിതം കോളേജിലെത്തണം.

മുസ്ലീംയൂത്ത് ലീഗ് എക്സിക്യൂട്ടീവ് ക്യാമ്പിന് റാണിപുരത്ത് പതാകയുയർന്നപ്പോൾ

മുസ്ലീം യൂത്ത് ലീഗ് എക്സിക്യൂട്ടീവ് ക്യാമ്പിന് തുടക്കം

കാസർകോട്: കാലം കാലികം ദൗത്യം എന്ന പ്രമേയത്തിൽ മുസ്ലിം യൂത്ത് ലീഗ് ത്രിദിന എക്സിക്യൂട്ടീവ് ക്യാമ്പിന് റാണിപുരം